പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത                    13.10.2011 ൽ മറുപടിയ്ക്ക്

നിയമസഭാ ചോദ്യം നം: **3047**

## വനിതാ ഡോക്ടറെ ആക്രമിച്ചവർക്കെതിരെ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കെ. സദാശിവൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| കായംകുളം താലൂക്കാശുപത്രിയിൽ 22.05.2011-ൽ രാത്രിയിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന വനിതാ ഡോക്ടർ ഡോ. രേഖയെ ആലപ്പുഴ മുസ്ലീം ലീഗ് ജില്ലാ നേതാവും കായംകുളം നഗരസഭാ ചെയർമാനും കൂടിയായ ശ്രീ. പി. കെ. കൊച്ചുകുഞ്ഞിന്റെ നേതൃത്വത്തിലുള്ള സാമൂഹിക വിരുദ്ധർ ആക്രമിക്കുകയും ആശുപത്രി ഉപകരണങ്ങൾ തല്ലിതകർക്കുകയും ചെയ്തതായ പരാതിയിൽ ശ്രീ. കൊച്ചുകുഞ്ഞിനും മറ്റ് മുഖ്യപ്രതികൾക്കുമെതിരെ എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ? | കായംകുളം താലൂക്കാശുപത്രിയിലെ വനിതാ ഡോക്ടറെ കൈയ്യേറ്റം ചെയ്തതുമായി ബന്ധപ്പെട്ട് ആശുപത്രി സൂപ്രണ്ടിന്റെ പരാതി പ്രകാരം കായംകുളം പോലീസ് സ്റ്റേഷനിൽ ക്രൈം 609/2011 പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്ത് കായംകുളം സബ് ഇൻസ്പെക്ടർ അന്വേഷിച്ചു വരവെ, 16.06.2011 ൽ കേസ് തുടർന്നുള്ള അന്വേഷണത്തിനായി ആലപ്പുഴ DCRB DySPയ്ക്ക് കൈമാറുകയും, ഈ കേസിലെ പ്രതികളെ നിയമാനുസൃതം അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്.<br><br>ഈ കേസിന്റെ എഫ്.ഐ.ആർ-ൽ ഒന്നാം പ്രതിയായി പറഞ്ഞിരിക്കുന്ന കൊച്ചുകുഞ്ഞിനെ കേസിന്റെ പ്രതിസ്ഥാനത്തു നിന്നും ഒഴിവാക്കുകയും, കോടതിയ്ക്ക് റിപ്പോർട്ട് അയയ്ക്കുകയും ചെയ്തു. കേസിന്റെ അന്വേഷണം പൂർത്തിയാക്കി താമസംവിനാ കോടതിയിൽ കുറ്റപത്രം സമർപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ